## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം-ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ കൃത്യവിലോപം-പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.എസ്.നക്ഷത്രകുമാറിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം.2452/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 18/09/2018

---

പരാമർശം :- 1) സ.ഉ (സാധാ) നം.1526/11/തസ്വഭവ, തീയതി 27/06/2011.

2) ഗ്രാമവികസന കമ്മീഷണറുടെ 24/04/2018-ലെ 15676/എസ്റ്റാ.എ 2/11/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ 2008-09 സാമ്പത്തിക വർഷം വിവിധ ക്ഷേമപദ്ധതികൾക്കായി 16,64,100/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എസ്.നക്ഷത്രകുമാറിന് വികസന ഫണ്ടിൽ നിന്നും നൽകിയിരുന്നെങ്കിലും പ്രസ്തുത തുക ക്ഷേമപദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ടോ എന്നതിന്റെ നിജസ്ഥിതി ഉറപ്പാക്കാൻ കഴിയുന്ന യാതൊരു രേഖയും ശ്രീ.നക്ഷത്രകുമാർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും ചെലവിനെ സംബന്ധിച്ച യാതൊരു രേഖയും പിന്നീട് ചാർജ്ജെടുത്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൈമാറിയിട്ടില്ലാത്തതിനാലും ചെലവു കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുവാൻ രേഖാമൂലമുള്ള അറിയിപ്പ് ഓഡിറ്റ് തുടങ്ങുന്നതിനു മുമ്പ് ടിയാന് നൽകിയിരുന്നെങ്കിലും പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവിന്റെ സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാലും ടിയാനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ശ്രീ.എസ്.നക്ഷത്രകുമാറിനെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം അറിയിക്കണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എസ്.നക്ഷത്രകുമാറിനെ അച്ചടക്ക നടപടിക്ക് വിധേയമായി തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.നക്ഷത്രകുമാർ.എസ്, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), തൃശ്ശൂർ
6) തദ്ദേശസ്വയംഭരണ (എബി) വകുപ്പ്

7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ